(ബി) ഉണ്ടെങ്കിൽ ഇത് എന്ന് നടപ്പാക്കാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോറ്റാനിക്കര-പിറവം റൂട്ട് ദേശസാൽകൃതമേഖലയല്ല. കൂടാതെ, രണ്ടു പുണ്യസ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഈ ദീർഘദൂര സർവ്വീസ് പിറവത്തേക്കു നീട്ടുന്നത് പ്രയോജനപ്രദമല്ല. ആയതിനാൽ ഈ നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല.

ഗുരുവായൂർ- മുളംതുരുത്തി ഫാസ്റ്റ് ഫാസഞ്ചർ സർവ്വീസ് പിറവംവരെ നീട്ടണമെന്ന ആവശ്യം

834. [1028] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ-മുളംതുരുത്തി സർവ്വീസ് നടത്തുന്ന ഫാസ്റ്റു പാസഞ്ചർ സർവ്വീസ് പിറവം വരെ നീട്ടണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സർവ്വീസ് നീട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗുരുവായൂർ-ചോറ്റാനിക്കര റൂട്ടിൽ ഓടിയിരുന്ന ഒരു ഫാസ്റ്റ്പാസഞ്ചർ സർവ്വീസാണ് മുളംതുരുത്തിവരെ നീട്ടിയത്. അത് ഇനിയും കൂടുതൽ ദൂരം നീട്ടുന്നതിന് നിർവ്വാഹമില്ല.

ആലുവ-കോട്ടയംവഴി പള്ളിക്കര-പാമ്പാക്കുട സർവ്വീസ്

835. [1029] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ-കോട്ടയം വഴി പള്ളിക്കര പാമ്പാക്കുട സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ് തുടർച്ചയായി ഓടുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർവ്വീസ് തുടർച്ചയായി നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് ഈ സർവ്വീസ് തുടർച്ചയായി നടത്തുവാൻ ശ്രമിക്കുന്നതാണ്.

എറണാകുളം-തലയോലപറമ്പ് വഴി കാഞ്ഞിരമറ്റം അരയൻകാവ് ബസ് സർവ്വീസ്

836. [1030] ശ്രീ. ബന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം-തലയോലപറമ്പ് വഴി കാഞ്ഞിരമറ്റം അരയൻകാവ് സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ് സ്ഥിരമായി സർവ്വീസ് നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സർവ്വീസ് സ്ഥിരമായി തുടരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly